# ജൈവവൈവിധ്യ വിത്ത് കേന്ദ്രം പ്രവർത്തനം തുടങ്ങി

Malayala Manorama-27-05-218-P-02

മണ്ണുത്തി ● കാർഷിക രംഗത്തെ പുതിയ തലമുറയെ ആവേശ ഭരിതരാക്കേണ്ടതു കാർഷിക ഗവേഷകരും ശാസ്ത്രജ്ഞരുമാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സർവകലാശാല തുടങ്ങുന്ന ജൈവവൈവിധ്യ വിത്തു സംരക്ഷണ, വിൽപന കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രജ്ഞർ കണ്ടെത്തുന്ന അത്യുൽപാദനശേഷിയുള്ള വിത്തുകൾ സർവകലാശാലയ്ക്ക് അകത്തു നിൽക്കരുത്. അത്യുൽപാന ശേഷിയുള്ള പന്നിയൂർ ഒന്ന് കുരുമുളക് കാർഷിക സർവകലാശാല വികസിപ്പിച്ചതാണ്. ഇപ്പോൾ അതു പന്നിയൂർ ഒൻപതുവരെയെത്തി നിൽക്കുന്നു. അത്യുൽപാദന ശേഷി എന്നവകാശപ്പെടുന്നുണ്ടെങ്കിലും കുരുമുളകു കൃഷിയിൽ നമുക്കുണ്ടായിരുന്ന സ്ഥാനം നഷ്ടമായിക്കഴിഞ്ഞു. കർഷകർ കുരുമുളകു കൃഷിയിൽനിന്നു പിന്മാറിയിരിക്കുന്നു. ഇതു തിരിച്ചു കൊണ്ടുവരേണ്ട ബാധ്യത ശാസ്ത്രജ്ഞർക്കുള്ളതാണ്.

കഴിഞ്ഞകാല അനുഭവം വച്ചു നോക്കുമ്പോൾ കൃഷിപ്രതിസന്ധി നേരിടാനുള്ള ശാസ്ത്രീയ സംഭാവന സർവകലാശാലയുടെ ഭാഗത്തുനിന്നുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ സ്ഥിതി മാറിയിരിക്കുന്നു. പുതിയ 23 വിത്തുകൾ ഇറക്കിയതു കർഷകരുടെ പ്രതിസന്ധികൂടി മനസ്സിൽ കണ്ടാണ്. ഇത്തരം പ്രതിസന്ധി കാണുന്ന ഗവേഷകർ ഉണ്ടായിരിക്കുന്നു. ഇതു നല്ല മാറ്റമാണ്. നാടൻ വിത്തുകൾ വരുംതലമുറയ്ക്കു കൈമാറേണ്ടതു നാടിന്റെ കാർഷിക കരുത്തിനാവശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

23 ഇനം പുതിയ വിത്തുകൾ കർഷകനും സർവകലാശാല ജനറൽ കൗൺസിൽ അംഗവുമായ ചെറുവയൽ രാമനു നൽകി അദ്ദേഹം പുറത്തിറക്കി. വിവിധ ഗവേഷണങ്ങൾക്കു സഹകരിച്ച കർഷകരെയും ഗവേഷകരെയും അദ്ദേഹം ആദരിച്ചു.

പുതിയ വിളകൾ മന്ത്രി വി.എസ്.സുനിൽകുമാർ നാടിനു സമർപ്പിച്ചു. ജൈവവൈവിധ്യ പദ്ധതിയുടെ ധാരണാ പത്രം കെ.രാജൻ എംഎൽഎ സ്വീകരിച്ചു. മന്ത്രി എ.സി.മൊയ്തീൻ, കൃഷി വികസന പ്രിൻസിപ്പൽ സെക്രട്ടറി എക്സ്. അനിൽ, മുരളി പെരുനെല്ലി എംഎൽഎ, സിപിഎം ജില്ലാ സെക്രട്ടറി കെ.രാധാകൃഷ്ണൻ, വൈസ് ചാൻസലർ ഡോ.ആർ. ചന്ദ്രബാബു, ഗവേഷണ വിഭാഗം ഡയറക്ടർ ഡോ.പി.ഇന്ദിരാദേവി എന്നിവർ പ്രസംഗിച്ചു.